1985-86-ൽ തൊഴിലില്ലായ്മ വേതനത്തിനു ലഭിച്ച അപേക്ഷകൾ.

274 [301] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1985-86 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി;

(ബി) തൊഴിലില്ലായ്മ വേതനത്തിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1,79,146 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി.

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ 48715 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ വേതനപദ്ധതിയ്ക്കു ഇതുവരെ ലഭിച്ച അപേക്ഷകൾ

275 [302] ശ്രീ.കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനപദ്ധതി ആരംഭിച്ചതുമുതൽ 1986 മാർച്ച് 31 വരെ ഓരോ വർഷവും തൊഴിലില്ലായ്മവേതനം ലഭിക്കുന്നതിനുവേണ്ടി കിട്ടിയ അപേക്ഷകളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ ജില്ലയിലും എത്രപേർക്ക് തൊഴിലില്ലായ്മവേതനം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഓരോ വർഷവും കിട്ടിയ അപേക്ഷയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു. ‡

(ബി) ഓരോ ജില്ലയിലും തൊഴിലില്ലായ്മവേതനം നൽകിയവരുടെ വിവരം അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്നു. *

കർഷക തൊഴിലാളി പെൻഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

276 [303] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ 1986 മേയ് 30 വരെ കർഷക തൊഴിലാളി പെൻഷനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ജില്ലാടിസ്ഥാനത്തിൽ അപേക്ഷകളുടെ എണ്ണവും പെൻഷൻ അനുവദിച്ചവരുടേയും പെൻഷൻ കൊടുത്തവരുടെയും എണ്ണവും വെവ്വേറെ വ്യക്തമാക്കാമോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 275 (302) കാണുക.

ജില്ല	ലഭിച്ച അപേക്ഷകരുടെ എണ്ണം			
	1982	1983	1984	1985
തിരുവനന്തപുരം	35531	7474	17637	9904
കൊല്ലം	23060	6965	16371	7291
പത്തനംതിട്ട	3153	1386	4551	646
ആലപ്പുഴ	15612	4823	11912	4166
കോട്ടയം	15885	5000	10394	4954
ഇടുക്കി	4465	1262	3446	1634
എറണാകുളം	18001	5341	11809	6286
തൃശ്ശൂർ	12121	3043	6044	3454
പാലക്കാട്	5515	1851	3452	1777
മലപ്പുറം	5002	1853	3090	1415
കോഴിക്കോട്	12498	2532	6654	3002
വയനാട്	988	343	682	560
കണ്ണൂർ	8001	2396	5641	3323
കാസർകോട്	1379	505	1256	303
ആകെ	161211	44744	102939	48715

അനുബന്ധം II

ജില്ല	വേതനം ലഭിച്ചവരുടെ എണ്ണം			
	1982–83	1983–84	1984–85	1985–86
തിരുവനന്തപുരം	4301	19360	23650	32332
കൊല്ലം	10445	14046	21447	27029
പത്തനംതിട്ട	—	—	2788	5144
ആലപ്പുഴ	3685	11323	14868	20941
കോട്ടയം	2971	9879	14360	19775
ഇടുക്കി	1789	3337	4720	6284
എറണാകുളം	6991	10335	13453	19708
തൃശ്ശൂർ	2924	6496	8768	10035
പാലക്കാട്	1583	3355	4857	6174
മലപ്പുറം	1813	4356	5842	6275
കോഴിക്കോട്	3346	7826	10665	11757
വയനാട്	309	620	940	1196
കണ്ണൂർ	3854	7328	8731	10503
കാസർകോട്	—	—	1360	1993
ആകെ	44011	98261	136479	179146

LIBRARY ARCHIVES Kerala Legislative Assembly